LIBRARY ARCHIVES Kerala Legislative Assembly

മത്സ്യഫെഡ് ഇടപാടുകളെക്കുറിച്ച് അന്വേഷണം

73 [2793] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ സുസുക്കി ഔട്ട് ബോർഡ് എഞ്ചിൻ ഇടപാടിലും ഇൻഷ്വറൻസ് പദ്ധതികളിലും മെഡിക്കൽ ക്ളെയിം പദ്ധതികളിലും നടന്ന ക്രമക്കേടുകൾ സംബന്ധിച്ച ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടിൽ കുറ്റക്കാർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വെളിപ്പെടുത്തിയിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണം സംബന്ധിച്ച അന്തിമറിപ്പോർട്ട് ലഭിച്ചതിനു ശേഷം യഥാർത്ഥ കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

74 [2794] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം അടയ്ക്കാത്തതുമൂലം ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടഞ്ഞുകിടക്കുന്ന ക്ഷേമനിധി ബോർഡുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) കയറ്റുമതിക്കാരിൽ നിന്നും ക്ഷേമനിധി വിഹിതം ഈടാക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടികൾ എടുത്തുവരുന്നു.